LIBRARY ARCHIVES Kerala Legislative Assembly

ദുരിതാശ്വാസനിധി ധനസഹായ വിതരണം ജനപ്രതിനിധികൾക്കുള്ള വിലക്ക്

31 (4360) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നതിനായി ജില്ലാ കളക്ടറുടെ അന്വേഷണ റിപ്പോർട്ട് മണ്ഡലത്തിലെ എം.എൽ.എ.-മാർ മുഖേന നൽകുന്നതിന് അനുമതി നിക്ഷേധിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ ; എങ്കിൽ ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ചികിത്സാ സഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസർ, തഹസിൽദാർ, കളക്ടർ എന്നിവരുടെ അന്വേഷണ റിപ്പോർട്ട് എം.എൽ.എ.-മാർ മുഖേന നൽകുന്നത് തടസ്സപ്പെടുത്താനിടയായ സാഹചര്യം ; വിശദീകരിക്കാമോ ;

(സി) എം.എൽ.എ.-മാർ മുഖേന ജില്ലാ കളക്ടരുടെ അന്വേഷണ റിപ്പോർട്ട് സഹിതം ചികിത്സാ ധനസഹായ അപേക്ഷയിൽ സമർപ്പിച്ചിരുന്ന രീതി തുടരുന്നതിന് അനുവാദം നൽകുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

(എ-സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നതിനായി വില്ലേജ് ഓഫീസർ, തഹസിൽദാർ, കളക്ടർ എന്നിവരുടെ അന്വേഷണ റിപ്പോർട്ട് എം.എൽ.എ.-മാർ മുഖേന നൽകുന്നതിന് അനുമതി നൽകിക്കൊണ്ടോ നിഷേധിച്ചുകൊണ്ടോ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല

നാളികേരത്തിന്റെ വിലയിടിവും വെളിച്ചെണ്ണ ഇറക്കുമതിയും

32 (4361) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേരത്തിന്റെയും നാളികേരോൽപ്പന്നങ്ങളുടെയും വിലയിടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവയുടെ വിലയിടിവ് പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി കേന്ദ്രസർക്കാരിന് നിവേദനം നൽകുകയോ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരികയോ ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അടിയന്തരമായി സർവ്വകക്ഷിസംഘം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയെക്കണ്ട് വെളിച്ചെണ്ണ ഇറക്കുമതി നിർത്തിവെയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?